(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായങ്ങൾ അയൽ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാനുള്ള പ്രവണത

1 [5557] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചില വ്യവസായങ്ങൾ അയൽ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാനുള്ള പ്രവണത നിലവിലുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണമെന്ത് എന്നു പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം എന്നു വിശദമാക്കാമോ;

(ഡി) ഇതു പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനവും തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളും

2 [5558] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, മത്സ്യ ബന്ധനം, കരകൗശലം, ഖാദി എന്നിവയുടെ സമഗ്രമായ പുനരുജ്ജീവനത്തിനും അതുവഴി ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു പരമ്പരാഗത വ്യവസായ നിധി രൂപീകരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഖാദി, കശുവണ്ടി, കൈത്തറി എന്നീ മേഖലകളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനും അതുവഴി ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും മറ്റുമായി 500 കോടി രൂപയുടെ ഒരു സഹായനിധി വരുന്ന മൂന്നു വർഷത്തെ പ്രവർത്തനത്തിനുവേണ്ടി രൂപീകരിക്കുമെന്ന് 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിലേക്ക് 2003-04 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തി അതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഖാദി മേഖലയിൽ 1-4-2003-ൽ കോസ്റ്റ് ചാർജ്ജ് പുതുക്കി നിശ്ചയിച്ചതു പ്രകാരം നൂൽപ്പുകാർക്ക് 10%വും പരുക്കൻ ഖാദി നെയ്ത്തുകാർക്ക് 20%വും കുപ്പടം നെയ്ത്തുകാർക്ക് 30%വും വേതന വർദ്ധന ലഭിക്കും. ഈ സാമ്പത്തിക വർഷത്തേയ്ക്ക് റിബേറ്റ് ഇനത്തിൽ 131.10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിൽ തുടർച്ചയായി തൊഴിൽ ലഭ്യമാക്കുന്നതിനു നിലവിലുള്ള യൂണിറ്റുകൾ പുനരുദ്ധരിച്ചു പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. കശുവണ്ടി മേഖലയിൽ കശുവണ്ടി വികസനകോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളിൽ 2001 ആഗസ്റ്റ് മുതൽ നിറുത്തിവച്ചിരുന്ന പ്രോസസിംഗ് ജോലി പുനരാരംഭിക്കാൻ സർക്കാർ കോർപ്പറേഷന് 1200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള 110 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നതിനും തുടർച്ചയായി ബാങ്കുവായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ചും സർക്കാർ തലത്തിൽ കൺസോർഷ്യം ബാങ്കുകളായി ചർച്ച നടത്തുകയും ചെയ്തു. മൊത്തം 120 കോടി രൂപയുടെ ബാങ്കു ഗ്യാരന്റി സർക്കാർ 2003 വർഷത്തേക്കു പുതുക്കി നൽകിയിട്ടുണ്ട്. 2000 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനം നിറുത്തിവച്ചിരുന്ന കാപ്പക്സിനു കശുവണ്ടി വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നു 3 കോടി രൂപ നൽകിയതോടെ പ്രവർത്തനം പുനരാരംഭിക്കുകയും ഇതു മൂലം 2002-ൽ 29 ദിവസവും 2003 ഇതുവരെ 46 ദിവസവും തൊഴിലാളികൾക്കു തൊഴിൽ നൽകാൻ സാധിക്കുകയും ചെയ്തു. കൈത്തറി വ്യവസായം പുനരുദ്ധരിക്കുന്നതിനായി വൈവിധ്യമാർന്ന മൂല്യവർദ്ധനവു വരുത്തിയ, ആകർഷണീയമായ കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കാനായി 25000-ത്തോളം തൊഴിലാളികൾക്കു സഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.സി.എച്ച്.പി.വൈ. നടപ്പാക്കുന്നു. ഇതു കൂടാതെ ദേശീയപരമായ സമുദായ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി, മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഇവയും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

3 [5559] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly